# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം.പി.ആർ.31/2024** **തിരുവനന്തപുരം, തീയതി: 07/02/2024**

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.എ. (2020 സ്കീം) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ – 2022 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും SLCM ഓൺലൈൻ പോർട്ടർ മുഖേന 2024 ഫെബ്രുവരി 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷണൽ സ്റ്റഡീസ് (DTS) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2024 ഫെബ്രുവരി 20 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷണൽ സ്റ്റഡീസ് (DTS) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മേഴ്സിചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ ബി.എ./ബി.എസ്സി./ബി.കോം./ബി.ബി.എ./ബി.സി.എ. (റീസ്ട്രക്ച്ചേർഡ്/വൊക്കേഷണൽ) കോഴ്സിന് (2000 – 2009 അഡ്മിഷൻ) അനുവദിച്ചിട്ടുള്ള മേഴ്സിചാൻസ് പ്രകാരം നടത്തേണ്ട ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകൾക്കുള്ള അപേക്ഷകൾ അതാത് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക് 2024 ഫെബ്രുവരി 26 നകം നിശ്ചിത മേഴ്സിചാൻസ് ഫീസ് – പേപ്പറുകളുടെ എണ്ണം മൂന്നോ അതിൽ കുറവോ ആയാൽ 7500/– രൂപയും പേപ്പറുകളുടെ എണ്ണം മൂന്നിൽ കൂടുതലാണെങ്കിൽ ഓരോ പേപ്പറിനും 2500/– രൂപയും ഒടുക്കി നൽകേണ്ടതാണ്. കൂടാതെ വിദ്യാർത്ഥി വിവരങ്ങൾ സർവകലാശാലയെ അറിയിക്കണം. പരീക്ഷാത്തീയതി സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും അറിയാവുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ഫെബ്രുവരി 19 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബറിൽ വിജ്ഞാപനം ചെയ്ത അഞ്ചാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസിംഗ് (359), ബി.വോക്. ഫുഡ് പ്രോസസിംഗ് ആന്റ് മാനേജ്മെന്റ് (356) കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഫെബ്രുവരി 13 മുതൽ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## Post Graduate Diploma in Translation,Administrative Drafting and Reporting in Hindi – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഹിന്ദി പഠനവകുപ്പ് നടത്തുന്ന 'Post Graduate Diploma in Translation,Administrative Drafting and Reporting in Hindi' പ്രോഗ്രാമിലേക്കു (2023 – 2024) SC/ST കാറ്റഗറിയിൽ സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: ഹിന്ദി ഒരു വിഷയമായി പഠിച്ച് ഏതെങ്കിലും വിഷയത്തിൽ ബിരുദം. താൽപ്പര്യമുള്ളവർ അസ്സൽ രേഖകളുമായി ഫെബ്രുവരി 13 ന് 11 മണിക്ക് കാര്യവട്ടം ക്യാമ്പസ്സിലെ കേരളസർവകലാശാല ഹിന്ദി പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക്:9446183785

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**